# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 6909 — 13.07.2012 ൽ മറുപടിയ്ക്ക്

## നദികളിലെ കടൽജലവ്യാപനം.

ചോദ്യം: ശ്രീ. എം. പി. അബ്ദുസ്സമദ് സമദാനി
ശ്രീ. പി. ബി. അബ്ദുൾ റസാക്
ശ്രീ. എൻ. എ. നെല്ലിക്കുന്ന്
ശ്രീ. കെ. എം. ഷാജി

ഉത്തരം: ശ്രീ.പി.ജെ.ജോസഫ്
(ജലവിഭവ വകുപ്പ് മന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) സംസ്ഥാനത്തെ നദികളിൽ നദീമുഖത്തു നിന്ന് ഉള്ളിലേക്ക് വളരെദൂരം കടൽജലം വ്യാപിക്കുന്ന പ്രതിഭാസത്തെക്കുറിച്ച് പഠനം നടത്തിയിട്ടുണ്ടോ ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ പ്രസ്തുത പ്രതിഭാസത്തിനുള്ള കാരണം കണ്ടെത്തിയിട്ടുണ്ടോ ; വിശദമാക്കുമോ ; | (ബി) കേരളത്തിലെ നദികളിൽ മഴക്കാലത്തു മാത്രമേ നീരൊഴുക്കുള്ളൂ. വേനൽക്കാല നീരൊഴുക്ക് ക്രമാതീതമായി കുറഞ്ഞു വരുന്നു. തീരപ്രദേശങ്ങളിലെ ഭൂജലത്തിന്റെ അമിത ചൂഷണവും കടൽജല വ്യാപനത്തിന് കാരണമാകുന്നു. |
| (സി) കടൽജലവ്യാപനം കാലം ചെല്ലുന്തോറും കൂടുതൽ പ്രദേശങ്ങളിലേക്ക് വ്യാപിച്ചു വരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇതുമൂലമുള്ള പ്രത്യാഘാതങ്ങൾ വിലയിരുത്തിയിട്ടുണ്ടോ ? | (സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തീരപ്രദേശങ്ങളിലെ അമിത ഭൂജല ഉപയോഗം, നദികളിലെ അനിയന്ത്രിതമായ മണൽ ഖനനം എന്നീ കാരണങ്ങളാൽ കടൽജലവ്യാപനം കാലം ചെല്ലുന്തോറും കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിച്ചു വരുന്നുണ്ട്. ഇത് കുടിവെള്ള സ്രോതസ്സുകളിലെ ജലഗുണനിലവാരത്തെയും ബാധിക്കുന്നുണ്ട്. ഇതുമൂലമുള്ള പ്രത്യാഘാതങ്ങൾ ശാസ്ത്രീയമായി പഠനം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ